പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5401 — 23.05.2017-ലെ മറുപടിക്ക്

## രൂപമാറ്റം വരുത്തിയ ബസ്സുകൾ


**ചോദ്യം**
ശ്രീ. ആർ. രാമചന്ദ്രൻ

**ഉത്തരം**
ശ്രീ. തോമസ് ചാണ്ടി
(ഗതാഗത വകുപ്പ് മന്ത്രി)


| | | | |
|---|---|---|---|
| (എ) | നോൺ എ.സി. ബസ്സുകൾ രൂപമാറ്റം വരുത്തി എ.സി. ഘടിപ്പിച്ച് നിരത്തിലിറക്കുന്നത് അപകടകരമാണെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വസ്തുതകൾ വിശദീകരിക്കുമോ; | (എ) | ഒരു നോൺ എ.സി. ബസ്, എ.സി. ഘടിപ്പിച്ച് നിരത്തിലിറക്കുന്നത് മോട്ടോർ വാഹന നിയമങ്ങളുടേയോ ചട്ടങ്ങളുടേയോ ലംഘനമായി കണക്കാക്കാനാവില്ല. |
| (ബി) | ഇത്തരത്തിൽ രൂപമാറ്റം വരുത്തിയ ബസ്സുകൾ കേരളത്തിന്റെ നിരത്തുകളിൽ ഓടുന്നുണ്ടോ; വിശദീകരിക്കുമോ; | (ബി) | എ.സി. ഘടിപ്പിച്ച വാഹനങ്ങൾ ചിലയിടത്ത് സർവ്വീസ് നടത്തിവരുന്നു. |
| (സി) | അന്യസംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്തശേഷം കേരളത്തിൽ നിന്ന് ഇതരസംസ്ഥാനങ്ങളിലേക്ക് ഡെയിലി ട്രിപ്പ് നടത്തുന്ന ഇത്തരം വാഹനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ? | (സി) | കരാറിൽ അനുശാസിക്കുന്ന വ്യവസ്ഥ പ്രകാരം മാത്രം സർവ്വീസ് നടത്താൻ അനുമതിയുള്ളവയാണ് കരാർ വാഹനങ്ങൾ. കരാർ വ്യവസ്ഥയിൽ ഉൾപ്പെടാത്ത യാത്രക്കാരെ കയറ്റുകയോ ഇറക്കുകയോ ചെയ്യാൻ പാടില്ലെന്നും വ്യക്തികളിൽ നിന്നും ഒറ്റക്കൊറ്റയാക്കായി ചാർജ്ജ് ഈടാക്കരുതെന്നുമാണ് കരാറിലെ പ്രധാന വ്യവസ്ഥ. സംസ്ഥാനത്ത് അനധികൃത സർവ്വീസ് നടത്തുന്ന സമാന്തര വാഹനങ്ങൾക്കെതിരെ കർശന നടപടികൾ വകുപ്പ് സ്വീകരിച്ചു വരുന്നുണ്ട്.<br>ഇതിന്റെ ഭാഗമായി എ.എം.വി.ഐ. |

| | | | |
|---|---|---|---|
| | | | മാരുടെ സേവനം കെ.എസ്.ആർ.ടി.സി. രൂപീകരിച്ചിട്ടുള്ള പ്രത്യേക സ്ക്വാഡിന്റെ പ്രവർത്തനങ്ങൾക്കായി നൽകിയിട്ടുണ്ട്. 2017-ൽ തിരുവനന്തപുരത്ത് നടത്തിയ പരിശോധനയിൽ സമാന്തര സർവ്വീസ് നടത്തിയ 146 വാഹനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുകയും 46 വാഹനങ്ങൾ പിടിച്ചെടുക്കുകയും 73,000/- രൂപ പിഴയിനത്തിൽ ഈടാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 14.02.2017-ന് രാത്രിയിൽ തിരുവനന്തപുരം സിറ്റിയിൽ നിന്നും ബംഗളൂരു, കോയമ്പത്തൂർ, ചെന്നൈ, വയനാട് തുടങ്ങിയ സ്ഥലങ്ങളിലേയ്ക്ക് അനധികൃത സർവ്വീസ് നടത്തിയ വാഹനങ്ങൾക്കെതിരെ നടപടി എടുക്കുകയും 41,200/- രൂപ പിഴയായി ഈടാക്കുകയും 98,700/- രൂപ ടാക്സ് ഇനത്തിൽ പിരിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. |

(signature)

**സെക്ഷൻ ഓഫീസർ**